# ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മതസ്വാധീനം കൂടുന്നു

ആദ്യം ക്രിസ്ത്യൻ മിഷനുകളാണ് കേരളത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുകൾ തുടങ്ങിയത്. ഏതാണ്ട് ഇരുപത് കൊല്ലം മുമ്പു വരെ നാട്ടിലെ മിക്കവാറും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ക്രിസ്ത്യൻ മിഷനുകളുടേതായിരുന്നു. തുടർന്ന് മുസ്ലീം മാനേജ്മെന്റും പരിമിതമായി ഈ മേഖലയിലേക്ക് തിരിയാൻ തുടങ്ങി. ഹിന്ദുക്കൾ അവസാനമാണ് ഈ രംഗത്തേക്കിറങ്ങിയത്. പക്ഷേ, അവരും കൂടി രംഗത്തു വന്നതോടെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർഗീയ - വിഭാഗീയ സ്വഭാവങ്ങൾ പൂർണതയിലെത്തി.

ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലെ സിലബസ് സർക്കാർ നിയന്ത്രണത്തിനു വിധേയമല്ല എങ്കിലും സാധാരണ വിഷയങ്ങൾ പഠിപ്പിക്കുന്നിടത്ത് 'മതം' കടന്നുവരാറില്ല. കുട്ടികളുടെ വിജ്ഞാനത്തിനും വിനോദത്തിനും വേണ്ടി നീക്കിവെക്കുന്ന പ്രത്യേക പിരിയഡുകളിലും സന്ദർഭങ്ങളിലുമാണ് മാനേജ്മെന്റിന്റെ 'മതം' പുറത്തുവരിക. കുട്ടികളിൽ ധാർമിക ചിന്തയും സദാചാരബോധവും വളർത്താനുള്ള ക്ലാസുകൾ വ്യക്തിത്വവികസനത്തിനുള്ള ക്ലാസുകൾ, 'വലിയ' വ്യക്തികളുമായുള്ള മുഖാമുഖം, തുടങ്ങിയ വ്യത്യസ്ത പരിപാടികളിലൂടെ ഓരോ വിഭാഗവും തങ്ങളുദ്ദേശിക്കുന്ന കാര്യങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു.

ഏത് മതക്കാരുടേതാണോ ഇംഗ്ലീഷ്മീഡിയം സ്കൂൾ, ആ മതക്കാരായിരിക്കും അവിടുത്തെ മിക്കവാറും എല്ലാ അധ്യാപകരും. ഇപ്പോൾ, ഇത്തരം സ്കൂളുകൾ സ്വന്തം വാഹനങ്ങളിൽ കുട്ടികളെ വീട്ടിൽ നിന്നു സ്കൂളിലേക്കും തിരിച്ചും എത്തിക്കുന്നതിനാൽ, അൽപം അകലെയായാലും സ്വന്തം മതക്കാരന്റെ സ്കൂളിൽ കുട്ടികളെ ചേർക്കുകയാണ് രക്ഷാകർത്താക്കളും. അങ്ങിനെ കുട്ടികൾക്കിടയിലെ മതമതിലുകൾക്ക് വണ്ണംകൂടികൂടി വരികയാണ് അറിഞ്ഞും അറിയാതെയും.

കായിക പരിശീലന (പി.ടി.) ക്യാമ്പിൽ സൂര്യനമസ്കാരവും യോഗയും ഇടംകണ്ടെത്തുന്നതു വരെ എത്തിയിരിക്കുകയാണ് കാര്യങ്ങൾ. അത്തരം കാര്യങ്ങൾ അങ്ങനെയൊക്കെയാണെങ്കിലും, രക്ഷാകർത്താക്കളിൽ നിന്നും പലകാര്യം പറഞ്ഞ് പണം പിടുങ്ങുന്ന കാര്യത്തിൽ മാത്രം എല്ലാ വിഭാഗക്കാരും ഒരു പോലെയാണ് ! അത്രയും ആശ്വാസം.